# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*


No.498/PR/PIC/PHQ/15                                        Date : 31.07.2015

## പോലീസ് സേനയിലെ ജീവനക്കാർക്കായി പോലീസ് ആസ്ഥാനത്ത് സർവ്വീസ് ഹെൽപ്പ് ഡെസ്ക്

പോലീസ് സേനയിലെ എല്ലാ ജീവനക്കാർക്കും തങ്ങളുടെ സർവ്വീസ് കാര്യങ്ങളുമായി ബന്ധപ്പെട്ട ഫയലുകളുടെ തൽസ്ഥിതി അറിയുവാനും ഫയൽ നടപടികൾ വേഗത്തിലാക്കാനും പോലീസ് ആസ്ഥാനത്ത് ഹെൽപ്പ് ഡെസ്ക് സംവിധാനം ആരംഭിച്ചു. ഇതനുസരിച്ച്, പോലീസ് ആസ്ഥാനത്ത് നിന്നും അറിയേണ്ടുന്ന ഔദ്യോഗിക വിവരങ്ങളെക്കുറിച്ചും തങ്ങളുടെ സർവ്വീസ് കാര്യങ്ങൾ സംബന്ധിച്ച പരാതികളുടെ തൽസ്ഥിതിയെക്കുറിച്ചും തീർപ്പിനെക്കുറിച്ചും തുടർനടപടികളെക്കുറിച്ചും ഉദ്യോഗസ്ഥർക്ക് 9497981338, 9497981339 നമ്പരുകളിൽ വിളിച്ച് അറിയാം. അന്വേഷിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനുകളിൽനിന്നും ശേഖരിച്ച് താമസംവിനാ പരാതിക്കാരനെ അറിയിക്കും. ഈ സംവിധാനം അവധി ദിവസങ്ങൾ ഒഴികെ എല്ലാ ദിവസവും രാവിലെ 10.30 മണിമുതൽ വൈകുന്നേരം 5.00 മണിവരെ പ്രവർത്തിക്കും. ആവശ്യമുള്ള എല്ലാ ജീവനക്കാരും ഈ സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി ടി പി സെൻകുമാർ നിർദ്ദേശിച്ചു.